പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **225**

**19.06.2013** ൽ മറുപടിക്ക്

## ഡാമുകളുടെ സംഭരണ ശേഷി

| | ചോദ്യം<br>ശ്രീ വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഡാമുകളോടനുബന്ധിച്ചുള്ള ജലസംഭരണണികളുടെ സംഭരണശേഷി കുറഞ്ഞു വരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് KERI, പീച്ചി, IBS (ഇന്റഗ്രേറ്റഡ് ബാത്ത്മെട്രിക് സിസ്റ്റം) ഉപയോഗിച്ച് പഠനം നടത്തി വരികയാണ്. ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും, മണലും നീക്കം ചെയ്യുന്നതിലൂടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന മണൽ ക്ഷാമം ലഘൂകരിക്കുവാനും എക്കലും, മണലും നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും ഇതു സംബന്ധിച്ച് സമഗ്രമായ ഒരു നയം ആവിഷ്ക്കരിക്കുവാനും പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് ചെയർമാനായും, Mining & Geology Director , Convener ആയുമുള്ള ഒരു ഒമ്പത് അംഗ കമ്മിറ്റി 04.10.2012 ലെ GO(MS) No.117/12/ID പ്രകാരം രൂപീകരിക്കുകയുണ്ടായി. |
| (സി) | ജലാശയങ്ങളുടെ സംഭരണശേഷി നിർമ്മാണഘട്ടത്തിലെ സംഭരണശേഷിക്കൊപ്പം നിലനിർത്താനും, തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുമുള്ള സമഗ്ര പദ്ധതിക്ക് ആരംഭം കുറിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എക്കലും, മണലും നീക്കം ചെയ്യുന്നത് സംബന്ധിച്ച് IDRB സമർപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്യുകയും എക്കൽ മണ്ണ് നനവോടുകൂടി പമ്പ് ചെയ്തു നീക്കം ചെയ്യുന്നതാണ് പ്രായോഗികം എന്ന് കണക്കാക്കുകയും അപ്രകാരം എക്കൽ നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പഠനം പരിസ്ഥിതി വകുപ്പുമായി ചേർന്ന് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആദ്യഘട്ടമെന്ന നിലയിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ, മീങ്കര, ചുരളിയാർ വൈദ്യുതിവകുപ്പിന്റെ കീഴിലുള്ള ആനയിറങ്കൽ, കുണ്ടള, ലോവർ പെരിയാർ എന്നീ ജലസംഭരണികളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനാവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ